**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272** **14-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനുമായി പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും നല്ല ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ജനകീയ തുടർ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്".<br><br>പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും ഉൽപാദനത്തിൽ കുടുംബങ്ങൾ കേന്ദ്രീകൃതമായ കൃഷിയിലൂടെ സ്വയം പര്യാപ്തതയും പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങളിലൂടെ പ്രാദേശികമായ ഉൽപാദന വർദ്ധനവും സാമ്പത്തിക സ്വയംപര്യാപ്തതയും ലക്ഷ്യമിടുന്നു. ഉൽപാദന സേവന വിപണന മൂല്യവർദ്ധന മേഖലയിൽ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഉണ്ടാകുന്ന കൃഷിക്കൂട്ടങ്ങൾ ഉൽപാദന വർദ്ധനവിനും അതുവഴി കാർഷിക മേഖലയിലെ വൈവിധ്യവത്കരണത്തിനും വഴിതെളിക്കുന്നു. ഈ കൃഷിക്കൂട്ടങ്ങളുടെ 80% ഉൽപാദന മേഖലയിലും 20% സേവന വിപണന മൂല്യവർദ്ധന മേഖലയിലും ഉണ്ടാകുന്നതോടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളും കൈവരിക്കുന്നതിന് സാധിക്കുന്നു. തരിശ് ഭൂമികൾ മുഴുവനും യന്ത്രവത്കരണത്തിലൂടെയും സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ഇടപെടലുകളിലൂടെയും കൃഷിയോഗ്യമാക്കുന്നതോടെ കേരളത്തിലെ കാർഷിക മേഖല യുവാക്കളേയും പ്രവാസികളേയും സ്ത്രീകളെയും ആകർഷിക്കുന്ന തൊഴിൽ മേഖലയായി മാറും. |

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരേയും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ വിത്തു മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. ഓണക്കാലത്ത് വിഷരഹിത പച്ചക്കറി ഉല്പാദനപ്പിക്കുന്നതിനായി "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയും നടപ്പിലാക്കി വരുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി ലംബകൃഷി (വെർട്ടിക്കൽ ഫാമിംഗ്), ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികളും പ്രോത്സാഹിപ്പിച്ചു വരുന്നു.

കൂടാതെ വിദ്യാർത്ഥികളിൽ കൃഷി സംസ്കാരവും അഭിരുചിയും പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സ്ഥാപന അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി സ്കൂൾ വളപ്പിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു.

അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഇത്തരത്തിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും വിഷരഹിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും കഴിയും.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. ഇതുകൂടാതെ ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായും ധനസഹായം നൽകി വരുന്നു.

പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പു വരുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഒരു ഘടകമായി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br><br>ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് "ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി" കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജൈവ കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ പച്ചക്കറി ഉൾപ്പെടെയുള്ള വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഒരു ഹെക്ടറിന് 7500 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു. അപ്രകാരം 2780 ഹെക്ടറിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി 208.50 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.<br><br>ഒരു പുരയിടത്തിലെ സാധ്യമായ എല്ലാ ഉൽപ്പാദന ഘടകങ്ങളേയും സമന്വയിപ്പിച്ച് ഒരു കൃഷിയിടാധിഷ്ഠിത ആസൂത്രണം എന്ന സമീപനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിൽ 10760 ഫാം പ്ലാൻ അധിഷ്ഠിത മാതൃകാത്തോട്ടങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയും പുരയിട കൃഷിയുടെ ഭാഗമായുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടുന്നുണ്ട്.<br><br>കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറും ഉല്പാദനം 10.01 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ വിസ്തൃതി 1.08 ലക്ഷം ഹെക്ടറും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | മാർക്കറ്റ് ആവശ്യകത അനുസരിച്ച് പച്ചക്കറി ഉല്പാദനം ക്രമീകരിക്കുന്നതിന് പച്ചക്കറി ഉല്പാദന കലണ്ടർ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. എന്നാൽ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ബ്ലോക്ക് ജില്ലാ അടിസ്ഥാനത്തിലും വിള നിർണയ പ്ലാനുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കി ആകണം വിള നിർണയിക്കേണ്ടതെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. കാർഷിക പാരിസ്ഥിതിക മേഖലയും കാർഷിക പാരിസ്ഥിതിക യൂണിറ്റുകളും മാനദണ്ഡമാക്കിയുള്ള വിള നിർണയമാണ് അനുവർത്തിക്കേണ്ടതെന്നും അതനുസരിച്ചുള്ള ബഡ്ജറ്റിംഗ് ആയിരിക്കണം കൃഷി വകുപ്പ് നടപ്പിലാക്കേണ്ടതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചിട്ടുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്നതോടെ കാർഷിക വിളകളുടെ ഇനം, വിസ്തൃതി, പരിചരണമുറകൾ, ഉൽപ്പാദനം എന്നിവ മുൻകൂട്ടി നിശ്ചയിക്കുവാനും അതനുസരിച്ചിട്ടുള്ള വിപണി മുൻകൂട്ടി കണ്ടെത്തുവാനും സാദ്ധ്യമാകും. |
| (സി) | പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | പച്ചക്കറി കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖല നിലവിലുണ്ട്. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴി, ഇടുക്കിയിൽ ദേവികുളം, പാലക്കാട് ജില്ലയിൽ ചിറ്റൂർ, തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ എന്നീ സ്ഥലങ്ങളാണ് പച്ചക്കറി കൃഷിക്കായുള്ള പ്രത്യേക കാർഷിക മേഖലകൾ. പാരിസ്ഥിതികവും, സാമ്പത്തികവുമായ നേട്ടങ്ങൾ കർഷകർക്ക് പ്രധാനം ചെയ്യുന്നതിന് വേണ്ടിയാണ് പച്ചക്കറി കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖലക്ക് രൂപം കൊടുത്തിട്ടുള്ളത്.<br><br>കൂടാതെ കാലവസ്ഥയുടെയും മണ്ണിന്റെ ഘടനയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 കാർഷിക പാരിസ്ഥിക മേഖലയായും 23 കാർഷിക പാരിസ്ഥിക യൂണിറ്റുകളായും തരം തിരിച്ചിട്ടുണ്ട്. അനുയോജ്യമായ പച്ചക്കറികൾ ബന്ധപ്പെട്ട പാരിസ്ഥിതിക മേഖലകളിലും യൂണിറ്റുകളിലും കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ കൂടുതലായി ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിനായി പ്രത്യേക ഘടകവും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ